## മധുരമായ കുട്ടികളേ – സദാ ഈശ്വരീയ സേവനത്തിൽ തല്പരരായിരിക്കൂ എങ്കിൽ ബാബയോടുള്ള സ്നേഹം വർദ്ധിക്കും, സന്തോഷത്തിന്റെ അളവ് വർദ്ധിക്കും.

**ചോദ്യം**:– ദൃഷ്ടിയിലൂടെ സായൂജ്യമടയുന്ന കുട്ടികളുടെ മനസ്സിൽ ഏതൊരു സന്തോഷമാണ് ഉണ്ടായിരിക്കുക?
**ഉത്തരം**:– അവരുടെ മനസ്സിൽ സ്വർഗ്ഗത്തിന്റെ ചക്രവർത്തിയാകുന്നതിന്റെ സന്തോഷം ഉണ്ടായിരിക്കും എന്തുകൊണ്ടെന്നാൽ ബാബയുടെ ദൃഷ്ടി ലഭിച്ചു അർത്ഥം സമ്പത്തിന്റെ അധികാരിയായി. ബാബയിൽ എല്ലാം അടങ്ങിയിട്ടുണ്ട്.

**ചോദ്യം**:– ബാബ കുട്ടികളെ ദിവസവും ഭിന്ന ഭിന്ന രീതിയിൽ പുതിയ പോയിന്റുകൾ എന്തുകൊണ്ടാണ് കേൾപ്പിക്കുന്നത്?
**ഉത്തരം**:– എന്തുകൊണ്ടെന്നാൽ കുട്ടികളുടെ അനേക ജന്മങ്ങളുടെ ആഗ്രഹം പൂർത്തീകരിക്കണം. കുട്ടികൾ ബാബയിലൂടെ പുതിയ പുതിയ പോയിന്റുകൾ കേൾക്കുന്നുണ്ട്, അതിനാൽ ബാബയെ പ്രതി സ്നേഹം വർദ്ധിക്കുന്നുണ്ട്.

**ഗീതം**:– രാത്രി ഉറങ്ങി നഷ്ടപ്പെടുത്തി.............

**ഓം ശാന്തി**. കണ്ണും നട്ട് കുട്ടികൾ ഇരിക്കുകയാണ്. ബാബ ആത്മാക്കളേയും ഈ ശരീരത്തിനേയും നോക്കുകയാണ്. കുട്ടികളും നോക്കുകയാണ്. കാണുന്നതിലാണോ ആനന്ദം അഥവാ കേൾക്കുന്നതിലാണോ? എന്തുകൊണ്ടെന്നാൽ ധാരാളം കേട്ടിട്ടുണ്ടല്ലോ. ധാരാളം ജ്ഞാനം കേട്ടിട്ടുണ്ടല്ലോ. നിങ്ങൾ നമ്പർവൺ ഭക്തരാണ്. ഏറ്റവുമധികം ഭക്തി ചെയ്തിട്ടുള്ളതും നിങ്ങളാണ്. വേദം, ശാസ്ത്രം, ഗ്രന്ഥം, ഗീത, ഗായത്രി, ജപം, തപസ്സ് തുടങ്ങിയവ എല്ലാം പഠിച്ചിട്ടുണ്ട്, ധാരാളം കേൾക്കുന്നുണ്ട്. ബാബ മനസ്സിലാക്കി തരികയാണ് – എന്നു മുതലാണ് ഇതെല്ലാം കേൾക്കാൻ ആരംഭിച്ചത്? എപ്പോഴാണോ ഇതെല്ലാം രചിച്ചത് അപ്പോൾ മുതൽ ധാരാളം കേട്ടതാണ്. ബാക്കി ബാബയുമായി കൂടിക്കാഴ്ചയും ദൃഷ്ടിയും ഇപ്പോഴാണ് ലഭിക്കുന്നത്. ദൃഷ്ടിയിലൂടെ സായൂജ്യം നേടുന്നുണ്ട്. ഇങ്ങനെ ഒരു ശ്ലോകം ഉണ്ട് – ദൃഷ്ടിയിലൂടെ സായൂജ്യം നൽകുന്ന ഗുരുവുമാണ്, സജിനിമാരുടെ സ്വാമിയുമാണ്. ബാബയുടെ കണ്ണുകൾക്ക് സമീപത്താണ് ഇരിക്കുന്നത്, ദൃഷ്ടിയിലൂടെ തന്നെ ബാബയെ അറിയുകയും ചെയ്തു അതായത് നമുക്ക് ഈ അച്ഛനിലൂടെയാണ് വിശ്വത്തിന്റെ ചക്രവർത്തി പദവി ലഭിക്കുന്നത്. ബാബയെ നോക്കുമ്പോൾ മനസ്സ് സന്തോഷിക്കും എന്തുകൊണ്ടെന്നാൽ ബാബയിൽ നിന്നാണ് എല്ലാം ലഭിക്കുന്നത്. ബാബയിൽ എല്ലാം അടങ്ങിയിട്ടുണ്ട്. എപ്പോഴാണോ ബാബയെ ലഭിച്ചത്, ദൃഷ്ടിയുടെ സമീപത്ത് ഇരിക്കുമ്പോൾ തീർച്ചയായും കുട്ടികൾക്ക് സ്വർഗ്ഗത്തിന്റെ ചക്രവർത്തി പദവിയുടെ ലഹരി വർദ്ധിക്കുക തന്നെ ചെയ്യും. ആദ്യം ബാബയുടെ ലഹരി, പിന്നെ സമ്പത്ത് അതായത് ചക്രവർത്തി പദവിയുടെ ലഹരി. നമുക്ക് അറിയാം നമ്മൾ ഇപ്പോൾ ബാബയുടെ സമീപത്താണ് ഇരിക്കുന്നത്. ദേഹാഭിമാനം ഇല്ലാതാവുകയാണ്. നമ്മൾ ആത്മാക്കൾ ഈ ശരീരത്തോടൊപ്പം ചക്രം കറങ്ങുകയാണ്, പാർട്ട് അഭിനയിച്ച് അഭിനയിച്ച് ഇപ്പോൾ നമ്മുടെ ബാബയും സന്മുഖത്തിൽ ഇരിക്കുന്നുണ്ട്. ബാബയോടൊപ്പം സമ്പത്തിനെ കുറിച്ചുള്ള സന്തോഷമുണ്ടാകും. കുട്ടികൾ വലുതായാൽ അവരുടെ ബുദ്ധിയിലുണ്ടാകും ഞാൻ വക്കീലിന്റെ, എഞ്ചിനീയറുടെ, ചക്രവർത്തിയുടെ കുട്ടിയാണ്. ഞാൻ രാജ്യത്തിന്റെ അധികാരിയാണ്. ഇവിടെ നിങ്ങൾക്കറിയാം ബാബയിൽ നിന്നും നമുക്ക് സ്വർഗ്ഗത്തിന്റെ സമ്പത്ത് ലഭിക്കുകയാണ്. ബാബയെ കാണുന്നതിലൂടെ കുട്ടികൾക്ക് സ്ഥായിയായ സന്തോഷം ഉണ്ടായിരിക്കണം, ഇതിനെയാണ് ആത്മീയ സല്ലാപം എന്നു പറയുന്നത്. ആരാണോ സർവ്വരുടേയും പരമപിതാവ്, ആ അച്ഛനാണ് ആത്മാക്കളോട് സംസാരിക്കുന്നത്. ആത്മാവ് ഈ ശരീരത്തിലൂടെ കേൾക്കുകയാണ്. ഇത് ഒരു പ്രാവശ്യം മാത്രമാണ് സംഭവിക്കുന്നത് അതായത് ബാബയെ ഓർമ്മിച്ചോർമ്മിച്ച് എപ്പോഴാണോ ബാബ വരുന്നത്, ബാബയിൽ നിന്നും ദൃഷ്ടി ലഭിക്കുന്നത് അപ്പോൾ 21 ജന്മങ്ങളിലേക്ക് സമ്പത്ത് നൽകുകയാണ്. ഇത് നിങ്ങൾ കുട്ടികൾക്ക് ഓർമ്മ ഉണ്ടായിരിക്കണം. കുട്ടികൾ മറന്നു പോകുന്നുണ്ട്, എന്നാൽ ഇത് മറക്കരുത്. ബാബയുടെ കണ്ണുകളുടെ അടുത്ത് ഇരിക്കുമ്പോഴാണ് ഞാൻ ബാബയുടെ സമീപത്താണ് എന്ന് മനസ്സിലാക്കുന്നത്. ബാബയെ നോക്കുന്നതിലൂടെ അളവില്ലാത്ത സന്തോഷം ഉണ്ടാകും അതോടൊപ്പം ബാബയിരുന്ന് പുതിയ പുതിയ പോയിന്റുകൾ മനസ്സിലാക്കി തരികയാണ്. കുട്ടികൾക്ക് ബാബയോട് പൂർണ്ണമായ സ്നേഹം ഉണ്ടായിരിക്കണം. ആത്മാവ് തന്റെ മനസ്സിനെ പൂർണ്ണമായും ബാബയിൽ വച്ചിരിക്കുകയാണ് എന്തുകൊണ്ടെന്നാൽ വേർപിരിഞ്ഞ് ഇരുന്നതാണല്ലോ. അനേക പ്രകാര

ത്തിലുള്ള ദുഃഖം കണ്ടിട്ടുണ്ട്. ഇപ്പോൾ സന്മുഖത്ത് ഇരിക്കുകയാണ് അതിനാൽ ബാബയെ കണ്ട് നിങ്ങൾ ഹർഷിതമായിരിക്കണം. ബാബയുടെ സന്മുഖത്തിൽ ഇരിക്കുമ്പോഴാണോ ഹർഷിതരാകുന്നത് അതോ ബാബയുടെ അടുത്ത് നിന്ന് ദൂരെ പോയാലും നിങ്ങൾ അത്രയും ഹർഷിതരാണോ? വിവേകം പറയുകയാണ് പുറത്ത് നിന്നും ധാരാളം കാര്യങ്ങൾ കേൾക്കുന്നുണ്ട് അതിനാലാണ് ബുദ്ധി മറ്റു ഭാഗങ്ങളിലേക്ക് പോകുന്നത്. കുട്ടികൾ ഇപ്പോൾ മധുബനിലാണ് ഇരിക്കുന്നത്, സന്മുഖത്ത് ഇരുന്ന് കേൾക്കുകയാണ്. സ്നേഹത്തോടെ ബാബ ആകർഷിക്കുകയാണ്. നോക്കൂ, നിങ്ങളുടെ ബാബ എത്ര മധുരവും സ്നേഹിയുമാണ്. നിങ്ങളെ സ്വർഗ്ഗത്തിലേക്ക് പോകാൻ യോഗ്യരാക്കുകയാണ്. കുട്ടികൾ സ്വർഗ്ഗത്തിന്റെ അധികാരികളായിരുന്നു. ഇപ്പോൾ ഡ്രാമയനുസരിച്ച് എല്ലാം നഷ്ടപ്പെടുത്തി. രാജ്യം നഷ്ടപ്പെടുത്തുകയും വീണ്ടും നേടുകയും ചെയ്യും, ഇത് വലിയ കാര്യമൊന്നുമല്ല. നിങ്ങളാണ് ഈ കാര്യങ്ങൾ മനസ്സിലാക്കുന്നത്. ലോകത്തിൽ കോടികണക്കിന് മനുഷ്യരുണ്ട്, പക്ഷെ കോടിയിൽ ചിലരാണ് എന്നെ തിരിച്ചറിയുന്നത്. ഞാൻ എന്താണ്, ഞാൻ എങ്ങനെയാണ്, എന്നിൽ നിന്നും എന്താണ് പ്രാപ്തമാവുക? ഇതെല്ലാം മനസ്സിലാക്കിയിട്ട് പോലും മായ മറപ്പിക്കുന്നു എന്നതാണ് അത്ഭുതം. സന്മുഖത്ത് ഉള്ളവരെ മായ മറപ്പിക്കുന്നില്ല എന്നുമല്ല. സന്മുഖത്ത് ഉള്ളവരെയും മായ മറപ്പിക്കുന്നുണ്ട്. പൂർണ്ണമായും ശിവബാബയിൽ സ്നേഹം ഉണ്ടായിരിക്കണം. സ്നേഹത്തെ എങ്ങനെ വർദ്ധിപ്പിച്ച് ബാബയിൽ നിന്നും ഉയർന്ന സമ്പത്ത് നേടും? സേവനം ചെയ്യൂ. ബാബ കുട്ടികളുടെ സേവനം ചെയ്യുകയാണ്. കുട്ടികൾക്കറിയാം, ദൂരദേശത്തിൽ നിന്നാണ് ബാബ വന്നിരിക്കുന്നത്. നിശ്ചയബുദ്ധികളായ കുട്ടികൾക്ക് ഒരിക്കലും ഇളക്കം വരരുത്. ആശയക്കുഴപ്പത്തിൽ വരരുത്, പക്ഷെ മായ വളരെ ശക്തിശാലിയാണ്. ബാബ അലങ്കാരം ചെയ്യിപ്പിക്കുകയാണ്. മനുഷ്യനെ ദേവതയാക്കുകയാണ്. ഇത് ദേവതയാകുന്നതിനുള്ള വിദ്യാലയമാണ്. പവിത്രമായ ലോകത്തിന്റെ അധികാരി ആകുന്നതിന് പരിശ്രമം ഉണ്ട്. എന്നെ ഓർമ്മിക്കൂ എന്നാണ് ബാബ പറയുന്നത്. മനുഷ്യർ മരിക്കുന്ന സമയമാകുമ്പോൾ രാമനെ ഓർമ്മിക്കൂ എന്ന് പറയാറുണ്ട്. പക്ഷെ രാമനെ അറിയില്ലെങ്കിൽ ആ ഓർമ്മയിലൂടെ എന്താണ് പ്രയോജനം. നിങ്ങൾക്ക് ബാബയുടെ പൂർണ്ണമായ തിരിച്ചറിവ് ലഭിച്ചു. നിങ്ങൾ ശിവബാബയുടെ അടുത്തേക്കാണ് വരുന്നത്. ബാബ നിരാകാരനാണ്, രചയിതാവാണ്. എങ്ങനെ രചിക്കും? പ്രജാപിതാ ബ്രഹ്മാവിനേയും രചയിതാവെന്ന് പറയാറുണ്ട്, മനുഷ്യ സൃഷ്ടി ഉണ്ടായത് ബ്രഹ്മാവിലൂടെയാണ് എന്ന് പറയാറുണ്ട്, അതുകൊണ്ടാണ് പ്രജാപിതാ ബ്രഹ്മാവ് എന്ന് പറയുന്നത്. നിങ്ങൾ ഇപ്പോൾ ബ്രാഹ്മണനായിരിക്കുന്നു. നിങ്ങൾ ആത്മാക്കൾക്ക് നല്ല രീതിയിൽ അറിയാം നമ്മൾ ശിവബാബയുടെ പേരക്കുട്ടികളും, ബ്രഹ്മാബാബയുടെ കുട്ടികളുമാണ്. നമ്മുടെ വികർമ്മം വിനാശമാകണമെന്നും, വിജയ മാലയിൽ അടുത്ത മുത്തായി കോർക്കപ്പെടണം എന്നും നിങ്ങൾ കുട്ടികൾ ആഗ്രഹിക്കുന്നുണ്ട്, അതിനാൽ ബാബയെ വളരെയധികം ഓർമ്മിക്കണം. പിന്നെ നിങ്ങൾ കർമ്മയോഗികളാണ്. വീട് സംരക്ഷിച്ചും പവിത്രമായി കഴിയണം, കമല പുഷ്പ സമാനം കഴിയണം. ഈ ഉദാഹരണം സന്യാസിമാരുടേതല്ല. അവർക്ക് ഗൃഹസ്ഥ വ്യവഹാരത്തിൽ കഴിഞ്ഞു കൊണ്ടും പവിത്രമായി കഴിയാൻ സാധിക്കില്ല. അതിനാൽ ആരോടും പറയുവാനും സാധിക്കില്ല. ആര് എങ്ങനെയാണോ ജീവിക്കുന്നത്, അവർ മറ്റുള്ളവരേയും അതുപോലെ തന്നെ ആക്കി തീർക്കും. കമല പുഷ്പ സമാനം പവിത്രമായി ജീവിക്കൂ എന്ന് സന്യാസിമാർക്ക് പറയുവാൻ കഴിയില്ല. അഥവാ ബ്രഹ്മത്തെ ഓർമ്മിക്കൂ എന്ന് പറഞ്ഞാലും അതും നടക്കുകയില്ല. പറയും നിങ്ങൾ വീട് ഉപേക്ഷിച്ച് വന്നവരാണല്ലോ, ഞങ്ങൾ എങ്ങനെ ഉപേക്ഷിക്കും. നിങ്ങൾക്കേ ഗൃഹസ്ഥത്തിൽ കഴിയാൻ സാധിക്കുന്നില്ലെങ്കിൽ പിന്നെ മറ്റുള്ളവരോട് എങ്ങനെ പറയും. അവർക്ക് രാജയോഗത്തിന്റെ ശിക്ഷണം നൽകാൻ കഴിയുകയില്ല. ഇപ്പോൾ നിങ്ങൾ സർവ്വ ധർമ്മങ്ങളിൽ ഉള്ളവരുടേയും രഹസ്യത്തെ മനസ്സിലാക്കി. ഓരോ ധർമ്മത്തിനും അതിന്റെ സമയത്ത് വരണം. കലിയുഗം കഴിഞ്ഞ് സത്യയുഗം വരും. സത്യയുഗത്തിന് ആദി സനാതന ദേവി ദേവതാ ധർമ്മമാണ് വേണ്ടത്, മറ്റു ധർമ്മങ്ങളിൽ ഉള്ളവരെ ദേവതയാക്കാൻ കഴിയുകയില്ല. അവർക്ക് മുക്തിയിലേക്കാണ് പോകേണ്ടത്, സുഖം ഉള്ളത് സ്വർഗ്ഗത്തിലാണ്. എപ്പോൾ നമ്മൾ ദേവി ദേവതകളാകുന്നോ അപ്പോൾ മറ്റു ധർമ്മങ്ങളിൽ ഉള്ളവർ മുക്തിയിലായിരിക്കും. ഏതുവരെ നമ്മൾ ജീവന്മുക്തിധാമമായ സ്വർഗ്ഗത്തിലേക്ക് പോകുന്നില്ലയോ അതുവരെ ആർക്കും മുക്തിയിലേക്ക് പോകാൻ കഴിയുകയില്ല. സ്വർഗ്ഗവും നരകവും ഒരുമിച്ച് ഉണ്ടാകുകയില്ല. നമ്മൾ ജീവന്മുക്തിയുടെ സമ്പത്ത് പ്രാപ്തമാക്കും അപ്പോൾ ജീവൻബന്ധനത്തിൽ ആരും ഉണ്ടാകുകയില്ല. നിങ്ങൾക്ക് അറിയാം ഇത് സംഗമ സമയമാണ്. നിങ്ങൾ തന്നെയാണ് കല്പത്തിന്റെ സംഗമത്തിൽ ബാബയുമായി കൂടിക്കാഴ്ച നടത്തുന്നത്, വേറെയാരും കണ്ടുമുട്ടുന്നില്ല. ഇത് കലിയുഗമാണെന്ന് മറ്റുള്ളവർ മനസ്സിലാക്കുന്നുണ്ട്. നമ്മളിപ്പോൾ കലിയുഗത്തിലല്ല. ബാബയിൽ നിന്നും സ്വർഗ്ഗത്തിലേക്കുള്ള സമ്പത്ത് നേടുകയാണ്. നമ്മൾ ജീവിച്ചിരിക്കെ മരിച്ച് ബാബയുടേതായി. ആരാണോ ദത്തെടുക്കപ്പെട്ടത് അവർക്ക് രണ്ട് സ്ഥലങ്ങളേയും കുറിച്ച് അറിയും. എവിടെയായിരുന്നു ആദ്യമുണ്ടായിരുന്നത്, ഇപ്പോൾ ആരുടേതായി മാറി. അവർക്ക് തന്റെ രണ്ടു ഭാഗത്തുമുള്ള മിത്ര സംബന്ധികളെ അറിയും. നിങ്ങൾ കുട്ടികൾക്ക് അറിയാം ഈ പഴയ ലോകത്തിൽ നിന്നും നങ്കൂരം എടുത്തു കഴിഞ്ഞു. നമ്മൾ ഇപ്പോൾ പൊയ്ക്കൊണ്ടിരിക്കുകയാണ്. ഈ ലോകവുമായി

നമുക്ക് ഒരു ബന്ധവുമില്ല. ഭഗവാൻ തന്റെ കുട്ടികളോട് അഥവാ പരംപിതാ പരമാത്മാവ് തന്റെ സാളിഗ്രാമുകളായ കുട്ടികളോട് സംസാരിക്കുകയാണ്. ഭഗവാന് വരണം, പക്ഷെ ആരും അറിയുന്നില്ല. ബാബയെ അറിയാത്തതു കൊണ്ട് സംശയത്തിലാണ്. ഇത്രയും സഹജമായ കാര്യത്തെ പോലും ആരും മനസ്സിലാക്കുന്നില്ല. ഓർമ്മിക്കുന്നുണ്ട്. നിങ്ങൾക്ക് അറിയാം നമ്മൾ ആത്മാക്കൾ ശരീരത്തിലൂടെ പാർട്ട് അഭിനയിക്കുകയാണ്. നമ്മൾ പരംധാമത്തിൽ നിന്നാണ് വന്നത്. അവിടെ പരംപിതാ പരമാത്മാവും വസിക്കുന്നുണ്ട്. മനുഷ്യർക്ക് ആത്മാവിനെ കുറിച്ചോ പരമാത്മാവിനെ കുറിച്ചോ ഒന്നുമറിയില്ല. എങ്ങനെയാണ് ഭഗവാൻ വന്ന് കൂടിക്കാഴ്ച നടത്തുക? എന്താണ് ചെയ്യുക? ഒന്നും അറിയുന്നില്ല. ഗീതയിൽ മുഴുവനും തെറ്റാണ് എഴുതിയിരിക്കുന്നത്. പേര് തന്നെ മാറ്റി എഴുതിയിട്ടുണ്ട്. ബാബ ചോദിക്കുകയാണ് നിങ്ങൾ എന്നെ അറിയുന്നുണ്ടല്ലോ? കൃഷ്ണൻ എന്നെ അറിയുമോ എന്നൊന്നും ചോദിക്കില്ല. കാരണം മുഴുവൻ ലോകത്തിനും കൃഷ്ണനെ കുറിച്ച് അറിയാം. കൃഷ്ണന് ജ്ഞാനം നൽകാൻ കഴിയുകയില്ല. ഭഗവാൻ രൂപം മാറി വരും എന്നാൽ കൃഷ്ണനാകില്ല. ബാബ മനുഷ്യ ശരീരത്തിലേക്ക് വരും, കൃഷ്ണന്റെ ശരീരത്തിലേക്ക് വരില്ല. ഇതാണ് ബ്രഹ്മാവ്. എന്നാൽ ഇത് കൃഷ്ണന്റെ ആത്മാവ് തന്നെയാണ്. കേവലം ചെറിയ കാര്യത്തിലാണ് തെറ്റ് വരുത്തിയിരിക്കുന്നത്. ഇതാണ് കൃഷ്ണന്റെ 84-ാമത്തെ ജന്മത്തിലെ ആത്മാവ്, വീണ്ടും ആദിയിൽ കൃഷ്ണനായി മാറും. അന്തിമ ജന്മത്തിൽ കൃഷ്ണന്റെ പദവി പ്രാപ്തമാക്കാനുള്ള പുരുഷാർത്ഥം ചെയ്യുകയാണ്. ഇത് എത്ര ഗുപ്തമായ കാര്യങ്ങളാണ്. ചെറിയ കാര്യങ്ങൾ മറന്നു പോയി, അതിലൂടെ എത്ര തെറ്റു സംഭവിച്ചു.

നിങ്ങൾക്കറിയാം നമ്മൾ കൃഷ്ണന്റെ കുലത്തിലേതാണ്. ഇപ്പോൾ ശിവബാബയിൽ നിന്നും രാജ്യഭാഗ്യം നേടുകയാണ്. നമ്മുടെ ബുദ്ധിയിൽ കൃഷ്ണനല്ല ഇരിക്കുന്നത്. മനുഷ്യർ കൃഷ്ണ ഭഗവാനുവാചാ എന്നാണ് പറയുന്നത്. ഒന്നും തെളിയുന്നില്ല. ഗീതയിൽ കാണിക്കുന്നത് പാണ്ഡവരാണ് അവസാനം അവശേഷിച്ചത്. കല്പത്തിന്റെ ആയുസ് പോലും ലക്ഷകണക്കിന് വർഷം എന്നാണ് പറഞ്ഞിരിക്കുന്നത്. ഇത്രയും സഹജമായ കാര്യത്തെ പോലും മനുഷ്യർ മനസ്സിലാക്കുന്നില്ല. നിങ്ങൾക്ക് സൂചനയിലൂടെ തന്നെ മനസ്സിലാക്കാൻ കഴിയുന്നുണ്ട് അതായത് നമ്മൾ സൂര്യവംശി കുലത്തിൽ ഉള്ളവരായിരുന്നു, ഇപ്പോൾ സൂര്യവംശത്തിൽ നിന്നും ശൂദ്രവംശത്തിലേക്ക് വന്നിരിക്കുകയാണ്. പിന്നെ ബ്രാഹ്മണനിൽ നിന്നും ദേവതയാവുകയാണ്. വർണ്ണങ്ങളേയും ബുദ്ധിയിൽ വെക്കണം. അവർ വർണ്ണങ്ങളേയും പകുതി ആക്കി മാറ്റി. കുടുമി ബ്രാഹ്മണനേയും ശിവബാബയേയും മറന്നു പോയി. ബാക്കി ദേവതാ, ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രനേയെല്ലാം കാണിച്ചിട്ടുണ്ട്. തീർച്ചയായും ബ്രാഹ്മണർ വേണമല്ലോ. ബ്രഹ്മാവിന്റെ സന്താനങ്ങൾ എവിടെ പോയിരിക്കുകയാണ്. ഇത് ആരുടേയും ബുദ്ധിയിൽ ഇരിക്കുന്നില്ല. നിങ്ങൾക്ക് ബാബ നല്ല രീതിയിൽ മനസ്സിലാക്കി തരുകയാണ്, നിങ്ങൾക്ക് ബുദ്ധിയിൽ നല്ല രീതിയിൽ ധാരണ ചെയ്യണം. ഏത് ജ്ഞാനമാണോ ബാബയുടെ ബുദ്ധിയിൽ ഉള്ളത് അത് നിങ്ങളിലും ഉണ്ടായിരിക്കണം. ഞാൻ നിങ്ങൾ ആത്മാക്കളെ തനിക്കു സമാനമാക്കി മാറ്റുകയാണ്. ഏതൊരു സൃഷ്ടി ചക്രത്തിന്റെ ജ്ഞാനമാണോ എന്നിലുള്ളത്, അത് നിങ്ങളുടെ ബുദ്ധിയിലും ഉണ്ട്. ബുദ്ധിവാനെയാണ് വേണ്ടത്. ബാബയുടെ കൂടെ യോഗം വെക്കണം അതോടൊപ്പം ഇടയ്ക്കിടയ്ക്ക് വിചാര സാഗര മഥനവും ചെയ്യണം. നിങ്ങൾ ഇപ്പോൾ സന്മുഖത്തിലാണ്. മനസ്സിലാക്കുന്നുണ്ട് ബാബ വളരെ സഹജമായി മനസ്സിലാക്കി തരികയാണ്. പറയുന്നുണ്ട് ആത്മാവും പരമാത്മാവും...... സദ്ഗുരുവായ ബാബ ദല്ലാളിന്റെ രൂപത്തിൽ പഠിപ്പിക്കുകയാണ്. ദല്ലാൾ അഥവാ കച്ചവടക്കാരൻ. ബാബ ഈ ശരീരത്തിലൂടെ നിങ്ങളെ കൊണ്ട് കച്ചവടം ചെയ്യിക്കുകയാണ്. നിങ്ങൾക്കറിയാം ദല്ലാളിനെ ഓർമ്മിക്കേണ്ട കാര്യമില്ല. ദല്ലാളിലൂടെ ശിവബാബയുമായി നമ്മുടെ വിവാഹ നിശ്ചയം നടന്നു കഴിഞ്ഞു. നിങ്ങളെല്ലാവരും ഇടയിലുള്ള ദല്ലാളുകളാണ്. ചോദിക്കുന്നു പരംപിതാ പരമാത്മാവുമായി എന്തു സംബന്ധമാണ് ഉള്ളത്? നിങ്ങൾ നിശ്ചയം ചെയ്യിക്കുന്നതിനുള്ള യുക്തി രചിക്കുകയാണ്. പിന്നെ പ്രജാപിതാവ് എന്ന പേരും നൽകിയിട്ടുണ്ട്. സമ്പത്ത് ശിവബാബയിൽ നിന്നാണ് ലഭിക്കുന്നത്. സ്വർഗ്ഗത്തിന്റെ രചയിതാവ് ബാബയാണ്. ജീവാത്മാക്കളുടെ പരമാത്മാവുമായി വിവാഹനിശ്ചയം നടക്കുകയാണ്. നിശ്ചയം നടത്തിയിട്ടുണ്ട്, സമ്പത്ത് നേടിയിരുന്നു വീണ്ടും ഇപ്പോൾ നേടുകയാണ്. നിങ്ങൾക്ക് അറിയാം നമ്മുടെ കല്പകല്പത്തിലെ കല്പത്തിന്റെ സംഗമയുഗത്തിലെ ജോലി ഇതാണ്, മറ്റു ആത്മാക്കളുടേയൊന്നും പരമാത്മാവുമായി വിവാഹനിശ്ചയം നടത്തുന്നില്ല. വിശ്വത്തിന്റെ അധികാരികളാകുന്നവരുമായാണ് വിവാഹനിശ്ചയം പരമാത്മാവ് നടത്തുന്നത്. ഇത് ഉയർന്നതിലും ഉയർന്ന ആത്മീയ വിവാഹനിശ്ചയമാണ്. ആത്മീയ വിവാഹനിശ്ചയം നടത്താൻ കല്പകല്പം ബാബയിൽ നിന്നാണ് പഠിക്കുന്നത്. കല്പകല്പം ഇങ്ങനെ നടക്കും. കല്പകല്പം തീർച്ചയായും മനുഷ്യനിൽ നിന്നും ദേവതയാകും. ദേവത വീണ്ടും മനുഷ്യനാകും. മനുഷ്യൻ മനുഷ്യൻ തന്നെയായിരിക്കും. പക്ഷെ എന്തിനാണ് എഴുതിയത് - മനുഷ്യനെ ദേവതയാക്കി..... എന്തുകൊണ്ടെന്നാൽ ദേവതാ ധർമ്മത്തിന്റെ സ്ഥാപന ചെയ്യുകയാണ്. നിങ്ങൾക്കറിയാം ഈ വിവാഹനിശ്ചയത്തിലൂടെ നമ്മൾ മനുഷ്യനിൽ നിന്നും ദേവതയാകും. എല്ലാവരും പറയുന്നുണ്ട് ക്രിസ്തുവിന് 5000 വർഷങ്ങൾക്ക് മുമ്പ് ഭാരതം സ്വർഗ്ഗമായിരുന്നു, പക്ഷെ ബുദ്ധിയിലേക്ക് വരുന്നില്ല. ഭാരതം ആദ്യം സ്വർഗ്ഗ

മായിരുന്നു, ഇപ്പോഴും എത്രയാണ് ക്ഷേത്രങ്ങൾ നിർമ്മിക്കുന്നത്. പക്ഷെ സർവ്വരുടേയും ഇറങ്ങുന്ന കലയാണ് ഇപ്പോൾ. നമ്മുടേത് ഉയരുന്ന കലയാണ്. ഉയരുന്ന കലക്ക് ഒരു നിമിഷത്തിന്റെ കാര്യമാണ് ഉള്ളത്. ശരി.

വളരെക്കാലത്തെ വേർപാടിന് ശേഷം കളഞ്ഞ് പോയി തിരികെ കിട്ടിയ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണക്കുള്ള മുഖ്യമായ സാരം:-

1) ഒരിക്കലും ഒരു കാര്യത്തിലും ആശയക്കുഴപ്പത്തിൽ വന്ന് നിശ്ചയത്തിൽ കീഴ്മേൽ വരരുത്. വീട് സംരക്ഷിച്ചും, കർമ്മയോഗിയായി കഴിയണം. വിജയമാലയിൽ സമീപത്ത് വരുന്നതിന് വേണ്ടി തീർച്ചയായും പവിത്രമാകണം.

2) ബുദ്ധിവാൻ ആകുന്നതിന് ജ്ഞാനത്തിന്റെ വിചാര സാഗര മഥനം ചെയ്യണം. സദാ സേവനത്തിൽ തല്പരരായിരിക്കണം. തനിക്കു സമാനമാക്കി മാറ്റുന്ന സേവനം ചെയ്യണം.

## വരദാനം:- ബാബാ ശബ്ദത്തിന്റെ സ്മൃതിയിലൂടെ പരിധിയുള്ള എന്റേതിനെ സമർപ്പണം ചെയ്യുന്ന പരിധിയില്ലാത്ത വൈരാഗിയായി ഭവിക്കൂ

പലകുട്ടികളും പറയാറുണ്ട് എനിക്ക് ഈ ഗുണമുണ്ട്, എന്റെ ശക്തിയാണ്, പരമാത്മാ ദാനത്തെ എന്റേതെന്ന് കരുതുക ഇത് മഹാപാപമാണ്. പല കുട്ടികളും സാധാരണ ഭാഷയിൽ പറയുന്നു എന്റെ ഈ ഗുണത്തെ, എന്റെ ബുദ്ധിയെ ഉപയോഗിക്കുന്നില്ല, എന്നാൽ എന്റേതെന്ന് പറയുകയെന്നാൽ മലിനമാകുക - ഇതും ചതിവാണ്, അതുകൊണ്ട് ഈ പരിധിയുള്ള എന്റേതിനെ അർപ്പണം ചെയ്ത് സദാ ബാബാ ശബ്ദം ഓർമ്മയുണ്ടായിരിക്കണം, അപ്പോൾ പറയും പരിധിയില്ലാത്ത വൈരാഗി ആത്മാവ്.

## സ്ലോഗൻ:- തന്റെ സേവനത്തെ ബാബയുടെ മുന്നിൽ സമർപ്പിക്കൂ അപ്പോൾ സേവനത്തിന്റെ ഫലവും ബലവും പ്രാപ്തമാകും.